## തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ

161 (6233) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ എത്ര തൊഴിലാളികളുണ്ട് ; ഡിപ്പാർട്ടുമെന്റ് തിരിച്ച് വിവരം ലഭ്യമാക്കാമോ ;

(ബി) ജീവനക്കാർ എത്ര പേർ ഉണ്ട് എന്ന വിവരം ലഭ്യമാക്കുമോ ;

(സി) തൊഴിലാളികൾ കാരണം കൂടാതെ ജോലിക്ക് വരാത്തതിനാൽ ഉൽപ്പാദനത്തിൽ പ്രശ്നം നേരിടുന്നുണ്ടോ ;

(ഡി) ഇത്തരത്തിലുള്ള തൊഴിലാളികളെ പിരിച്ചു വിടുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇങ്ങനെ പുറത്താക്കാൻ നടപടി സ്വീകരിച്ച തൊഴിലാളികളുടെ പേരുവിവരം ലഭ്യമാക്കാമോ ;

(എഫ്) ഇങ്ങനെ നടപടിയെടുത്തവരിൽ ആരെയെങ്കിലും തിരിച്ച് എടുത്തിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ആരെയെല്ലാം തിരിച്ചെടുത്തു ;

(എച്ച്) തിരിച്ചെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണ് ;

(ഐ) ഇക്കാര്യത്തിൽ ക്രമരഹിതമായ നടപടികൾ ഉണ്ട് എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ജെ) ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ 378 തൊഴിലാളികളുണ്ട്. ഇതിൽ 285 സ്ഥിരം തൊഴിലാളികളും 13 ബദലികളും 25 മിൽ കാഷ്വലുകളും 55 ട്രെയിനികളും ഉൾപ്പെടുന്നു. ഇവരിൽ സ്ഥിരം തൊഴിലാളികളെ മാത്രമാണ് ഡിപ്പാർട്ട്മെന്റിൽ നിയമിക്കാറുള്ളത്. ഇവരുടെ ഡിപ്പാർട്ട്മെന്റ് തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

| | | |
|---|---|---|
| മിക്സിംഗ് | – | 2 |
| ബ്ലോറും | – | 4 |
| കാർഡിംഗ് | – | 9 |
| പ്രിപ്പറേട്ടറി | – | 25 |
| സ്പിന്നിംഗ് | – | 170 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| കോൺവൈന്റിംഗ് | – | 45 |
| പായ്ക്കിംഗ് | – | 2 |
| പവ്വർ ഹൗസ് | – | 5 |
| മെയിന്റനൻസ് | – | 20 |
| മിസല്ലേനിയസ് | – | 3 |
| ആകെ | – | 285 |

(ബി) 28 ജീവനക്കാർ ഉണ്ട്.

(സി) നേരിടുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) താഴെ പറയുന്ന തൊഴിലാളികളെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മില്ലിന്റെ മസ്റ്റർ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

1. വി. വിജിത്ത് കുമാർ
2. വി. എം. നാസ്സർ
3. വി. അനന്തകൃഷ്ണൻ
4. റ്റി. കെ. സിദ്ധീഖ്
5. പി. വി. അബ്ദുൽസലിം
6. കെ. സുനിൽകുമാർ
7. എം. ആർ. ശശിധരൻ
8. പി. രാമചന്ദ്രൻ
9. കെ. കെ. റെജി കുമാർ
10. കെ. എ. ശ്രീനിവാസൻ
11. റ്റി. ഡി. ഫ്രാൻസിസ്
12. എൻ. പി. ബാബു
13. വി. ജി. സുരേശൻ
14. എൻ. ആർ. സന്തോഷ്കുമാർ
15. എം. കെ. ഷൺമുഖൻ
16. എം. എച്ച്. അബ്ദുൽ സമദ്

LIBRARY ARCHIVES Kerala Legislative Assembly

17. കെ. പി. ഉണ്ണിമോൻ

18. കെ. വിക്രമൻ

19. എ. എസ്. മോഹനൻ

20. ഇ. കെ. ശശീന്ദ്രൻ

21. ജഗജീവൻ റാം

(എഗ്) ഇല്ല.

(ജി) & (എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) ഇത്തരത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ജെ) ചോദ്യം ഉദിക്കുന്നില്ല.

**നിയമപരിഷ്കരണം നടപ്പിലാക്കുന്നതിന് പ്രത്യേക നിയമസഭാ സമ്മേളനം**

**162 (6334)** ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തുവാൻ കമ്മീഷനെ നിയമിച്ചിരുന്നുവോ ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ ;

(സി) അതിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ഡി) നിയമ പരിഷ്കരണം എന്ന് നിലവിൽ വരും ;

(ഇ) നിയമ പരിഷ്കരണം നടപ്പിലാക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിനായി പ്രത്യേക നിയമസഭാ സമ്മേളനം വിളിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നിയമ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തുവാൻ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷനെ നിയമിച്ചിരുന്നു.

(ബി) സമർപ്പിച്ചു.

(സി)-(ഇ) കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly